# യു.ഡി.എഫ് സർക്കാർ സ്കൂൾ വിദ്യാഭ്യാസ മേഖലയെ എന്തുചെയ്യുന്നു?

**എം.ഷാജഹാൻ**
**ജനറൽ സെക്രട്ടറി**
**കെ.എസ്.ടി.എ**

നിർബന്ധിതവും സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം 12-ാം തരംവരെ നടപ്പിലാക്കുക എന്നത് ബഹുഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും ഒരു സ്വപ്നം മാത്രമാണ്. ഭരണഘടന ഉറപ്പുനൽകിയ 14 വയസുവരെയുള്ള വിദ്യാഭ്യാസം അവകാശമെന്നനിലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചത് സ്വതന്ത്ര ഭാരതത്തിലെ രണ്ടാംതലമുറയുടെ വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കാൻ ആവശ്യമായ സ്കൂളുകളും അധ്യാപകരും ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യമൊരുക്കാൻ കഴിയാതെ ഇതര സംസ്ഥാനങ്ങൾ പകച്ചുനിൽക്കുമ്പോഴാണ് ഈ സൗകര്യങ്ങളെല്ലാമുള്ള കേരളത്തിൽ ഇതൊരു ബാധ്യതയായി യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്.

**പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാനൊരുങ്ങുന്നു**

കുട്ടികൾ കുറവുള്ള വിദ്യാലയങ്ങൾ അടച്ചുപൂട്ടി നിലവാരമുള്ള സി.ബി.എസ്.ഇ സ്കൂളുകൾ ആരംഭിക്കണമെന്ന കോടതിവിധി കേട്ട് മൂക്കത്ത്വിരൽവെയ്ക്കാത്തവരായി ആരുംതന്നെ ഉണ്ടാകില്ല. നിയമന സാധ്യത നഷ്ടപ്പെട്ട, കണ്ണായ സ്ഥലങ്ങളിലിരിക്കുന്ന എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടാൻ ആഗ്രഹിക്കാത്ത മാനേജർമാർ കുറവാണ്. പൊതുജനങ്ങളും കോടതിയും ഇടപ്പെട്ടാണ് പല സ്കൂളുകളും നിലനിർത്തിയിരിക്കുന്നത്. ഒരുകിലോമീറ്റർ ദൂരപരിധിയിൽ കുട്ടിക്ക് പഠിക്കാൻ വിദ്യാലയങ്ങൾ വേണമെന്ന ഭരണഘടനാഉറപ്പ് വിദ്യാഭ്യാസ അവകാശനിയമത്തിലൂടെ നിലനിൽക്കുമ്പോൾ പൊതുവിദ്യാലയങ്ങൾ അടച്ചുപ്പൂട്ടാനുള്ള തീരുമാനം എങ്ങിനെയുണ്ടായിയെന്നത് പരിശോധിക്കേണ്ടതുണ്ട്. നിലവാരമുള്ള വിദ്യാലയങ്ങൾ സി.ബി.എസ്.ഇ ആണെന്നും രക്ഷിതാക്കൾ കുട്ടികളെ അവിടേയ്ക്ക് വിടാൻ താൽപര്യം കാണിക്കുന്നതുകൊണ്ടാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞതെന്നും സർക്കാർതന്നെ കോടതിയോട് പറഞ്ഞാൽ വിധി ഇങ്ങനെയാകാനേ തരമുള്ളൂ.

**സി.ബി.എസ്.ഇ സ്കൂളുകൾ അനുവദിക്കുന്നത് ആർക്കുവേണ്ടി**

സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നത് തങ്ങളുടെ നയമാണെന്ന് വിദ്യാഭ്യാസമന്ത്രി അധികാരമേറ്റയുടൻതന്നെ പ്രഖ്യാപിച്ചതാണ്. നൂറുകണക്കിന് അപേക്ഷകളുടെ പരിശോധനയും എൻ.ഒ.സി കൊടുക്കലും സ്വാഭാവിക നടപടിക്രമംപോലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നടക്കുകയാണ്. മാനദണ്ഡങ്ങൾ നോക്കാതെ എൻ.ഒ.സി കൊടുക്കണമെന്ന കോടതിവിധി ഗൗരവമായി കാണേണ്ടതുണ്ട്. 300 സ്കൂളുകൾക്ക് എൻ.ഒ.സി നൽകിയത് ഭരണനേട്ടമായി പ്രഖ്യാപിച്ച കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയാണ് അബ്ദുറബ്ബ്.

37 ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. 50 ലക്ഷം കുട്ടികൾക്ക് പഠിക്കാനുള്ള ക്ലാസ്മുറികളും അധ്യാപകരും കേരളത്തിലുണ്ട്. ഫലത്തിൽ 13 ലക്ഷം കുട്ടികളെക്കൂടി പഠിപ്പിക്കാനുള്ള ക്ലാസ് മുറികൾ ഒഴിഞ്ഞുകിടക്കുകയും പതിനായിരക്കണക്കിന് അധ്യാപകർ തസ്തികയില്ലാത്തതിനാൽ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതി ഇവിടെയുണ്ട്. പൊതുവിദ്യാലയങ്ങളിൽ സൗകര്യങ്ങൾ ഒഴിഞ്ഞുകിടക്കുമ്പോൾ എന്തുന്യായം പറഞ്ഞാണ് പുതിയ സ്കൂളുകൾ അനുവദിക്കുന്നത്. നിയമം അനുശാസിക്കുന്ന സൗകര്യങ്ങളുള്ള സ്കൂളുകൾ അടച്ചുപൂട്ടാൻ വഴിയൊരുക്കുകയും കുട്ടികളിൽ നിന്നും വൻഫീസ് പിരിച്ച് കൊള്ളലാഭമുണ്ടാക്കുന്ന സ്വാശ്രയവിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് അനുവാദം കൊടുക്കുകയും ചെയ്യുന്നത് ഭരണഘടനാലംഘനം കൂടിയാണ്. ആയിരത്തിലധികം സി.ബി.എസ്.ഇ സ്കൂളുകൾ ഇപ്പോൾതന്നെ ഇവിടെയുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അഫിലിയേറ്റഡ് സ്കൂളുകളുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. 2009-10 ലെ മാനവവിഭവ വികസന മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് പ്രകാരം, 2007-08 അക്കാദമിക വർഷം രാജ്യത്താകെ സെക്കന്ററി-ഹയർസെക്കന്ററി വിദ്യാലയങ്ങളുടെ എണ്ണം 1.72 ലക്ഷമാണ്. ഇതിൽ സി.ബി.എസ്.ഇ സ്കൂളുകളുടെ എണ്ണം ആകെ 11511 ആണ് (വാർഷിക റിപ്പോർട്ട് 2010-11 സി.ബി.എസ്.ഇ). അതായത് ആകെ വിദ്യാലയങ്ങളുടെ 6.69% പങ്കാളിത്തം മാത്രമേ സി.ബി.എസ്.ഇ യുടേതായിട്ടുള്ളു. 2011 മാർച്ച് 31 വരെയുള്ള കണക്ക് പരിശോധിച്ചാൽതന്നെ ഇത് ബോധ്യമാകും.

| *സംസ്ഥാനം* | *കേന്ദ്രീയ വിദ്യാലയം* | *നവോദയ* | *സ്വാശ്രയ വിദ്യാലയങ്ങൾ (CBSE)* | *തിബറ്റൻ വിദ്യാലയങ്ങൾ* | *ആകെ സ്കൂളുകൾ* |
|---|---|---|---|---|---|
| ആന്ധ്രാപ്രദേശ് | 50 | 24 | 218 | 0 | 292 |
| ബീഹാർ | 45 | 38 | 278 | 1 | 362 |
| ഹരിയാന | 28 | 20 | 864 | 0 | 912 |
| കേരളം | 29 | 14 | 802 | 0 | 845 |
| കർണാടക | 36 | 27 | 347 | 5 | 415 |
| മധ്യപ്രദേശ് | 77 | 50 | 511 | 0 | 638 |
| പഞ്ചാബ് | 39 | 18 | 625 | 0 | 682 |
| ഉത്തർപ്രദേശ് | 97 | 67 | 1204 | 0 | 1368 |
| തമിഴ്നാട് | 34 | 0 | 223 | 0 | 257 |
| ഡൽഹി | 40 | 2 | 625 | 0 | 667 |

*കുറിപ്പ്:- 31.03.2011 വരെയുള്ളതാണ് ഈ കണക്ക്*

ജനസംഖ്യയിൽ കേരളത്തെക്കാൾ വളരെ മുന്നിലുള്ള സംസ്ഥാനങ്ങൾപോലും സി.ബി.എസ്.ഇ സ്കൂളുകളെയല്ല പ്രോത്സാഹിപ്പിക്കുന്നതെന്ന് കണക്കുകൾവ്യക്തമാക്കുന്നു. സി.ബി.എസ്.ഇ യുടെ കേന്ദ്രമായ ഡൽഹിയിൽപോലും അൺ-എയ്ഡഡ് സി.ബി.എസ്.ഇ സ്കൂളുകളുടെ എണ്ണം കേരളത്തെക്കാൾ കുറവാണ്. ഇതാണ് വസ്തുതയെങ്കിൽ സംസ്ഥാന സർക്കാർ സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതെന്തിന്. നമ്മുടെ നാട്ടിലെ മധ്യവർഗ്ഗവിഭാഗത്തിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തെറ്റായ ധാരണകളെ മുതലെടുക്കാൻ ശ്രമിക്കുന്ന വിദ്യാഭ്യാസ കച്ചവടക്കാർക്ക് സൗകര്യങ്ങളൊരുക്കാനാണ് യു.ഡി.എഫ് സർക്കാർ ശ്രമിക്കുന്നത്. വിദ്യാഭ്യാസം മേൽത്തട്ടിൽതന്നെ നിലനിർത്തണം എന്ന സമ്പന്ന വർഗ്ഗ താൽപര്യംതന്നെയാണ് യു.ഡി.എഫ് സർക്കാരിന്റെ നയമെന്ന് പരസ്യമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനായി സ്കൂൾ നടത്താൻ കോർപ്പറേറ്റുകളെവരെ ക്ഷണിക്കുന്നു. പഞ്ചനക്ഷത്രസമാനമായ ഇന്റർനാഷണൽ സ്കൂളുകൾ എന്ന സമ്പന്നരുടെ താൽപര്യം മാത്രമാണ് സർക്കാരിന്റേത്. കോളനികളിൽ നിന്നും മറ്റ് ഇല്ലായ്മകളിൽ നിന്നും സ്കൂളിലെത്തുന്ന കുട്ടികളോടൊപ്പം പഠിച്ചാൽ തന്റെ കുട്ടികളുടെ ഭാവി നശിക്കും എന്ന തെറ്റായ ചിന്ത മധ്യവർഗ്ഗത്തെ സ്വാധീനിക്കുന്നു എന്നാണ് നഗരങ്ങളിലെ സ്കൂൾ പ്രവേശനത്തിന്റെ കണക്കുകൾ തെളിയിക്കുന്നത്. ഏറ്റവും മെച്ചപ്പെട്ട സൗകര്യവും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുമാണ് പഠിക്കുന്നതെങ്കിൽ അവിടേയ്ക്ക് പ്രവേശനം നേടാൻ കാണിക്കുന്ന താൽപര്യം ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അക്കാദമിക് രംഗത്ത് പ്രത്യേകിച്ച് ഒരു സംവിധാനവുമില്ലാത്ത ഭരണപരമായ മേൽനോട്ടം പോലും നടത്താൻ കഴിയാത്ത വെറും പരീക്ഷാബോർഡ് മാത്രമായിട്ടുള്ള സി.ബി.എസ്.ഇ യിൽ അഫിലിയേഷൻ കിട്ടിയാൽ മെച്ചപ്പെട്ട സ്കൂളായി, പഠനമായി എന്ന് മലയാളികളായ നാം തെറ്റിദ്ധരിക്കുന്നത് എത്ര ആക്ഷേപകരമാണ്. എൻ.സി.ഇ.ആർ.ടി സിലബസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ പ്രസാധകർ അച്ചടിക്കുന്ന പുസ്തകങ്ങളും അഖിലേന്ത്യാ എൻട്രൻസ്പോലുള്ള മത്സരപരീക്ഷ എന്നതിനപ്പുറം ഒരുപ്രാധാന്യംപോലും ഇല്ലാത്ത പരീക്ഷയും നടത്തിയിരുന്ന സി.ബി.എസ്.ഇ സ്കൂളുകളിൽ എന്ത് പ്രത്യേകതയാണ് ഉള്ളതെന്ന് വിമർശനപരമായി പരിശോധിക്കുന്നത് നല്ലതാണ്. പരീക്ഷയെന്ന പോല്ലാപ്പിൽനിന്നും രക്ഷപ്പെടുകയും ഇനി സ്കൂൾതല പരീക്ഷയുടെ മാർക്ക് സർട്ടിഫിക്കറ്റിൽ ചേർക്കുന്ന ഉത്തരവാദിത്തം മാത്രമേയുള്ളു എന്നുമാണ് സി.ബി.എസ്.ഇ അധികൃതർ സമാശ്വസിക്കുന്നത്. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനാന്തരീക്ഷം ഏത് സി.ബി.എസ്.ഇ സ്കൂളിലാണ് നിലനിൽക്കുന്നത്. കുട്ടിയുടെ പ്രകൃതത്തിനും സർഗാത്മകതയ്ക്കും സ്വാതന്ത്ര്യത്തിനും അവിടെ എന്താണ് പ്രസക്തി. എൻട്രൻസിൽ ഒടുങ്ങുന്ന മത്സരപരീക്ഷാ പരിശീലനക്കളരിയിൽ അയക്കുന്ന കുട്ടികൾ പിൻതള്ളപ്പെട്ടാൽ എന്തുസംഭവിക്കുമെന്ന് ചിന്തിക്കാതിരിക്കുന്നത് ശുഭകരമല്ല.

**പൊതുവിദ്യാലയങ്ങളെക്കാൾ മെച്ചപ്പെട്ടതാണോ സ്വാശ്രയ സ്ഥാപനങ്ങൾ?**

ഒരുപക്ഷേ ലോകത്തുതന്നെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ തിരുവനന്ത

പുരത്തെ പൊതുവിദ്യാലയമാണ് (10000 ത്തിനുമുകളിൽ). ഏഷ്യയിലെ ഏറ്റവും വലിയ പെൺക്കുട്ടികളുടെ സ്കൂളും പൊതുവിദ്യാലയംതന്നെ. ഏറ്റവും കൂടുതൽ കലാ-കായിക-സാഹിത്യ പ്രതിഭകൾ പഠിക്കുന്നതും പൊതുവിദ്യാലയങ്ങളിലാണ്. പൊതുവിദ്യാലയങ്ങളിലെ കുട്ടികളില്ലെങ്കിൽ ദേശീയ സ്കൂൾ കായിക മത്സരങ്ങളിൽ കേരളത്തിന് എന്താണ് പ്രസക്തി. വിദ്യാഭ്യാസരംഗത്ത് സർക്കാരിന് അഭിമാനിക്കാൻ കഴിയുന്ന എല്ലാ നന്മകളും നിലനിൽക്കുന്ന പൊതുവിദ്യാലയങ്ങൾ നിലവാരമില്ലാത്തതെന്ന് പ്രഖ്യാപിക്കാൻ യു.ഡി.എഫ് ഭരണത്തിനും വിദ്യാഭ്യാസമന്ത്രിക്കും എങ്ങിനെ കഴിയുന്നു. പാഠ്യപദ്ധതിയും ഐ.ടി. അധിഷ്ഠിത പഠനവും സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലും മികവുകളുംകൊണ്ട് ശ്രദ്ധേയമായ പൊതുവിദ്യാലയങ്ങളുടെ അന്തകവേഷം മന്ത്രിതന്നെ ഏറ്റെടുത്തു എന്നത് അത്യന്തം ഗൗരവത്തോടെ കാണണം. അധ്യാപക ശാക്തീകരണവും അക്കാദമിക പ്രവർത്തനങ്ങളും താറുമാറായിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട എസ്.സി.ഇ.ആർ.ടി. പണപിരിവും പരീക്ഷാനടത്തിപ്പുമായി അധഃപതിച്ചു. കരിക്കുലം കമ്മിറ്റിയെതന്നെ സാമുദായിക നേതാക്കന്മാരുടെ സംഗമവേദിയാക്കി. പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള ആരാച്ചാരുടെ പണിയാണ് ഡയറക്ടർ ഏറ്റെടുത്തിരിക്കുന്നത്.

**പാഠ്യപദ്ധതി അട്ടിമറിക്കുന്നതെന്തിന്?**

ജൂലൈ 18 ന് വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാരസമിതി പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ഒരുവർഷംകൊണ്ട് പരിഷ്ക്കരിക്കാൻ (നിലവിലുള്ളത് അട്ടിമറിക്കാൻ) തീരുമാനിച്ചിരിക്കുകയാണ്. കേരളപാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ് 2007) നിലവിൽ വന്നിട്ട് ഏതാണ്ട് അഞ്ചുവർഷമേ ആകുന്നുള്ളൂ. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (എൻ.സി.എഫ് 2005) നിർദ്ദേശവും സാമ്പത്തിക സഹായവുമാണ് കേരളാപാഠ്യപദ്ധതി ചട്ടക്കൂട് രൂപപ്പെടുത്തിയതിന്റെ അടിസ്ഥാനം. എൻ.ഡി.എ സർക്കാരിന്റെ കാലത്ത് പാഠപുസ്തകങ്ങളും ചരിത്രവും കാവിവൽക്കരിക്കുയും മതേതരത്വം, ജനാധിപത്യം, മാനവികത എന്നീ മൂല്യങ്ങൾ തകർക്കപ്പെടുകയും ചെയ്ത ഘട്ടത്തിലാണ് ഒന്നാം യൂ.പി.എ സർക്കാർ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകിയത്. മതേതര-ജനാധിപത്യ-മാനവിക മൂല്യങ്ങളിലധിഷ്ഠിതമായ കാഴ്ചപ്പാടാണ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിത്തറ. കോൺഗ്രസ് ഗവൺമെന്റുതന്നെ മുൻകൈ എടുത്ത് രൂപീകരിച്ച പാഠ്യപദ്ധതിയുടെ ഭാഗമായ കേരളത്തിലെ പാഠ്യപദ്ധതി മാറ്റണം എന്നു തീരുമനിച്ചത് എന്തു രാഷ്ട്രീയ ചിന്തയാണെന്ന് മനസ്സിലാകുന്നില്ല. വിമർശനാത്മക ബോധന രീതി, സാമൂഹ്യജ്ഞാന നിർമ്മിതി, ശാസ്ത്രീയമായ തുടർമൂല്യനിർണ്ണയ രീതി ഇതൊക്കെ നമ്മുടെ പാഠ്യപദ്ധതിയിൽ പരമപ്രധാനമായത് എൻ.സി.എഫ് 2005 ന്റെ അടിസ്ഥാനത്തിലാണ്. ഫലത്തിൽ ഇരിക്കുന്നകൊമ്പ് മുറിക്കുന്നവരായി യു.ഡി.എഫ് സർക്കാർ മാറിയിരിക്കുന്നു. അല്ലെങ്കിൽ സാമുദായിക - വർഗ്ഗീയ വാദികളുടെ തടവറയിലായിരിക്കുന്നു. കോൺഗ്രസ് അനുകൂല അധ്യാപക സംഘടനകൾവരെ ഏകീകൃത സിലബസ് എന്ന അയഥാർത്ഥമായ വാദമുയർത്തുന്നത് പാഠ്യപദ്ധതി അട്ടിമറിക്കുന്നതിന് കാത്തിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ കച്ചവടക്കാരുടെയും വർഗ്ഗീയവൽക്കരണത്തിന് കാത്തിരിക്കുന്ന സാമുദായിക ശക്തികളുടെയും താൽപര്യം സംരക്ഷിക്കാനാണ്. ഇത് പൊതുവിദ്യാലയങ്ങളെ തകർക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ്.

പൊതുവിദ്യാലയങ്ങളിൽ നിലനിൽക്കുന്ന എല്ലാ നന്മകളെയും തകർക്കാൻ യു.ഡി.എഫ് സർക്കാർ ശ്രമിക്കുകയാണ്. സ്കൂളുകളിൽ നിലനിൽക്കുന്ന ഉച്ചഭക്ഷണപരിപാടി പരിഷ്ക്കാരത്തിന്റെ പേരിൽ താളംതെറ്റിച്ചിരിക്കുകയാണ്. ഉത്സവകാലത്ത് കുട്ടികൾക്കുണ്ടായിരുന്ന അരി വിതരണം നിലച്ചമട്ടിലാണ്. യൂണിഫോം വിതരണം പഠനാനുബന്ധ പ്രവർത്തനങ്ങൾ ഇതെല്ലാം വിവാദത്തിൽ കുടുങ്ങിയിരിക്കുകയാണ്. കോടികൾ ചിലവാക്കി പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ട എസ്.എസ്.എ പദ്ധതി നിശ്ചലാവസ്ഥയിലാണ്. ഹയർസെക്കന്ററി ഏകജാലക പ്രവേശനം അട്ടിമറിച്ചു. വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം നിർത്തലാക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. അഴിമതിക്കാരുടെ താവളമായി വിദ്യാഭ്യാസവകുപ്പ് മാറിയിരിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങളെ തകർക്കുന്ന സർക്കാർ നയങ്ങൾക്കെതിരെ പ്രതിരോധമുയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.